**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 895 | 29-09-2016 -ൽ മറുപടിക്ക്

## ഓപ്പറേഷൻ അനന്ത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.എം.ഷാജി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)** |
| എ) | തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാനായി നടപ്പാക്കിയ ഓപ്പറേഷൻ അനന്ത പദ്ധതി പ്രകാരം ഉദ്ദേശിക്കപ്പെട്ട ജോലികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ; | എ) | ഓപ്പറേഷൻ അനന്ത പ്രകാരം തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നിലവിലെ ഓടകളിലെ മാലിന്യങ്ങൾ ഉൾപ്പടെയുള്ള തടസ്സങ്ങൾ മാറ്റുക, വെള്ളക്കെട്ടുണ്ടാകുന്ന തരത്തിലുള്ള കൈയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുക, ടി ഓടകളിൽ വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് ആവശ്യമായ തരത്തിൽ വീതി കൂട്ടുക, പുതുതായി ഓടകൾ നിർമ്മിച്ച് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| ബി) | ഇതിൽ ഏതെല്ലാം ജോലികൾ പൂർത്തിയായി; | ബി) | വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അനധികൃതകൈയ്യേറ്റം ഒഴിപ്പിക്കുന്നതുമുൾപ്പെടെയുള്ള 226 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) | ഇനിയും ഏതെല്ലാം ജോലി പൂർത്തിയാക്കാനുണ്ട്; | സി) | വിവിധ വകുപ്പുകളുടെ 9 നിർമ്മാണ പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ട്. |
| ഡി) | പൂർത്തിയായി കഴിഞ്ഞ ജോലികളുടെ ഫലമായി എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | പൂർത്തിയായിക്കഴിഞ്ഞ ജോലികളുടെ ഫലമായി തമ്പാനൂർ, കിഴക്കേക്കോട്ട എന്നീ ഭാഗങ്ങളിൽ കാലാകാലമായി അനുഭവപ്പെട്ടിരുന്ന വെള്ളപ്പൊക്കം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ